കേരളത്തിൽ വ്യവസായവൽക്കരണം

* 231 [819] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വ്യവസായവൽക്കരണത്തിനായി വൻകിട വ്യവസായങ്ങളുടെ ഒരു ശൃംഖല ഈ സംസ്ഥാനത്തു സ്ഥാപിക്കുവാൻ ഏതെങ്കിലും വിദേശത്തു നിന്ന് ഓഫർ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ നിന്നാണ്;

(സി) ഓഫർ ലഭിച്ചിട്ടുണ്ടെങ്കിൽ അത്തരം വൻ വ്യവസായങ്ങൾ സ്ഥാപിക്കുവാൻ എന്തുകൊണ്ടാണ് ഇത്രയും കാലതാമസം വരുന്നത്?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

കയർ വ്യവസായം

* 232 [826] ശ്രീ. എ. എസ്. പുരുഷോത്തമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിൽ ഉണ്ടായ തകർച്ചയുടെ ഫലമായി വ്യവസായം നടത്താൻ കഴിവില്ലാതാകുകയും ഗവണ്മെന്റു നൽകിയ കടം തിരിച്ചടക്കാൻ കഴിയാതെ വരികയും ചെയ്തിട്ടുള്ള കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കാൻ കൂടുതൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം ഗവണ്മെന്റ് പരിഗണിച്ചിട്ടുണ്ടോ;

(ബി) എത്ര സഹകരണ സംഘങ്ങൾ കൂടുതൽ സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകയുണ്ടായി;

(സി) അതിൽ എത്ര സംഘങ്ങൾക്ക് സഹായം നൽകി;

(ഡി) എത്ര സംഖ്യ വീതം;

(ഇ) ഏതെല്ലാം സംഘങ്ങൾക്ക്;

(എഫ്) ആവശ്യപ്പെട്ടിട്ടും സഹായം നൽകാതിരുന്ന സംഘങ്ങൾ ഏതെല്ലാം;

(ജി) അതിനുള്ള കാരണമെന്ത്?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) കയർ പ്രൈമറി സംഘങ്ങൾക്ക് കൂടുതൽ സാമ്പത്തിക സഹായം കിട്ടുന്നതിനുവേണ്ടി നിലവിലുള്ള വ്യവസ്ഥകൾ മാറ്റിയിട്ട് പുതിയ വ്യവസ്ഥകൾ നടപ്പിലാക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിച്ചുവരികയാണ്.

(ബി) ഈ വർഷത്തിൽ ഇരുപത്തൊന്ന് സംഘങ്ങൾ കൂടുതൽ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) രണ്ട് സംഘങ്ങൾക്ക്.

(ഡി, ഇ) ചോനംചിറ കയർവ്യവസായ സഹകരണ സംഘം നമ്പർ 128-ന് 35,000 രൂപ. ചേർത്തല സൗത്ത് കയർ വ്യവസായ സഹകരണ സംഘം നമ്പർ 96-ന് 30,000 രൂപ.

(എഫ്, ജി) വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്†

† Appendix

LIBRARY ARCHIVES Kerala Legislative Assembly

APPENDIX

[*Please see Answer to Question* * *No.* 232 (826) *dated* 7–10–1969]

താഴെ പറഞ്ഞിരിക്കുന്ന സംഘങ്ങളിൽ നിന്നും കയർ സ്പെഷ്യൽ ആഫീസർക്കു് കിട്ടിയിട്ടുള്ള അപേക്ഷകളും പലവിധത്തിലും ന്യൂനതകളും നിറഞ്ഞതാകയാൽ തിരിച്ചു് സംഘങ്ങൾക്കു് അയച്ചു കൊടുത്തിരിക്കുകയാണു്.

			Rs.
1.	Puthiyavila C.V.C.S.	Ltd. No. 153	20,000·00
2.	Naduvilacherry C.V.C.S.	Ltd. No. 199	20,000·00
3.	Arattupuzha-Kizhakkekara C.V.C.S.	Ltd. No. 179	37,806·88
4.	Kadinamkulam Panchayat C.V.S.C.	Ltd. No. 215	19,000·00
5.	Muthukulam C.V.C.S.	Ltd. No. 210	20,000·00
6.	Purathur C.V.C.S.	Ltd. No. 254	12,000·00
7.	Kannankara C.V.C.S.	Ltd. No. 329	5,000,00
8.	Annasseri C.V.C.S.	Ltd. No. 328	5,000·00
9.	Azhikode C.V.C.S.	Ltd. No. 69	45,000·00
10.	Kadakkayoor South C.V.C.S.	Ltd. No. 161	25,000·00
11.	Edayar C.V.C.S.	Ltd. No 319	15,000·00
12.	Iringalloor C.V.C.S.	Ltd. No. 249	26,500·00
13.	Mankai C.V.C.S.	Ltd. No. 149	50,000·00

അടച്ച തീർത്ത ഓഹരി മൂലധനത്തിന്റെ അനേകം മടങ്ങു് നഷ്ടം. പുതിയ വ്യവസ്ഥകളും അനുസരിച്ചു് ബൈലാ ഭേദഗതി ചെയ്യാത്തതുകൊണ്ടും കൂടാതെ ഗവണ്മെന്റിലേക്കു് മടക്കി അടയ്ക്കേണ്ട വായ്പത്തുകകളിൽ ഭീമമായ കുടിശ്ശിക മുതലായ കാരണങ്ങളാലാണു് ചില സംഘങ്ങളുടെ അപേക്ഷകളും ശുപാർശ ചെയ്യാതിരുന്നിട്ടുള്ളതു്.

താഴെ പറയുന്ന ആറു സംഘങ്ങളിൽ നിന്നുള്ള കൂടുതൽ ധനസഹായത്തിനുള്ള അപേക്ഷകളും കയർ സ്പെഷ്യലാഫീസർ ഗവണ്മെന്റിലേക്കു് അയച്ചുതന്നിട്ടുള്ളതു് ഗവണ്മെന്റു് പരിശോധിച്ചു കൊണ്ടിരിക്കുന്നു.

			Rs.
1.	Chettikkad C.V.C.S.	Ltd. No. 173	70,000·00
2.	Shertallai Coir Mats and Matting C.S.	Ltd. No. 240	1,00,000·00
3.	Kerala Coir Mats and Matting C.S.	Ltd. No. 346	2,00,000·00
4.	Mahadevikad C.V.C.S.	Ltd. No. 3065	50,000·00
5.	Thiruvallam-Pachalloor C.V.C.S.	Ltd. No. 3061	66,000·00
6.	Vaikom Coir Mats and Matting C.S.	Ltd. No. 349	10,000·00

LIBRARY ARCHIVES Kerala Legislative Assembly